**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6308** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്കിൽ ഏറ്റവും കുറവ് കേരളത്തിലാണെന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകളും, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലും വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലുമുണ്ടായ മികച്ച ഭൗതിക സാഹചര്യങ്ങളും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പുരോഗതിക്കായി സർക്കാർ നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പദ്ധതികളും ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് കുറയ്ക്കുവാൻ സഹായകമായിട്ടുണ്ട്. |
| (ബി) | കേരളത്തിൽ മറ്റ് വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് 2021, 2022 കാലയളവിൽ എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | 2021-2022 അദ്ധ്യയനവർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 144 കുട്ടികളും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 211 കുട്ടികളും പഠനം ഉപേക്ഷിച്ചതായി കണ്ടെത്തിയിരുന്നു. അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്കിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?ഈ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വിശദമാക്കാമോ? | (സി) | താമസിക്കുന്ന പ്രദേശത്തെ പ്രത്യേക സാമൂഹികാന്തരീക്ഷം, കുട്ടികളെ സ്കൂളുകളിൽ അയയ്ക്കുന്നതിലുള്ള രക്ഷകർത്താക്കളുടെ താല്പര്യക്കുറവ്, കാർഷിക വിളവെടുപ്പ് സമയങ്ങളിൽ രക്ഷകർത്താക്കളോടൊപ്പം മറ്റ് സ്ഥലങ്ങളിലേക്ക് പോകുന്നത്, യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടലുകൾ, കുടുംബ പ്രശ്നങ്ങൾ, വിനിമയ ഭാഷയിൽ നിന്നും പഠന ഭാഷയിലേക്ക് വരുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ തുടങ്ങിയവയെല്ലാം വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്കിന് കാരണമാകുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>• പ്രീമെട്രിക് സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ<br>• മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br>• പ്രീമെട്രിക് ഹോസ്റ്റലുകൾ<br>• സാമൂഹ്യ പഠനമുറി<br>• ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്<br>• 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതി<br>• സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br>• റാങ്ക് ജേതാക്കൾക്ക് സ്വർണമെഡൽ<br>• മെന്റർ ടീച്ചർ<br>• പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയിഡ്<br>• അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻഫീസ് റീ ഇംബേഴ്സ്മെന്റ്<br>• രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം<br>• വിദ്യാവാഹിനി പദ്ധതി. |

സെക്ഷൻ ഓഫീസർ